**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 364** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഒരു തുണ്ട് ഭൂമിയും സുരക്ഷിതമായ വീടും എന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് വേണ്ടി നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ഭൂമി അനുവദിക്കുന്നതിന് ഭൂരഹിത പുനരധിവാസ പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിനായി 3,75,000/- രൂപയും നഗരസഭ/കോർപ്പറേഷൻ പരിധിയിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിനായി യഥാക്രമം 4,50,000/- രൂപ, 6,00,000/- രൂപയും ധനസഹായം അനുവദിച്ചു വരുന്നു. 2017-18സാമ്പത്തിക വർഷം മുതൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 26,882കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനു ധന സഹായം അനുവദിച്ചിട്ടുണ്ട് . കൂടാതെ ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയും ഭവന നിർമ്മാണത്തിനായി ഭൂമി അനുവദിക്കുന്നുണ്ട്.<br><br>സംസ്ഥാന സർക്കാരിന്റെ സമഗ്ര പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഭവനരഹിതരായ പട്ടിക ജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (ലൈഫ് മിഷൻ ഒന്നാം ഘട്ടം ) , ഭൂമിയുള്ള ഭവനരഹിതർക്കു ഭവന നിർമ്മാണം ( ലൈഫ് മിഷൻ രണ്ടാം ഘട്ടം) , ഭൂരഹിത ഭവനരഹിത പുനരധിവാസം (ലൈഫ് മിഷൻ മൂന്നാം ഘട്ടം) എന്നിങ്ങനെ മൂന്നു ഘട്ടങ്ങളിലായാണ് ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കുന്നത്.<br><br>2017-18മുതൽ നടപ്പിലാക്കുന്ന ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി നിർമ്മാണം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടില്ലാത്ത 19,153 പട്ടികജാതി ഭവനങ്ങൾ പൂർത്തീകരിച്ചു. ലൈഫ് മിഷൻ രണ്ടും മൂന്നും ഘട്ടങ്ങളിലായി നാളിതുവരെ പട്ടികജാതിയിൽപ്പെട്ട 75,655 കുടുംബങ്ങൾക്ക് പുതിയ ഭവനം അനുവദിച്ചിട്ടുണ്ട്. |
| (ബി) | വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം ലഭിച്ചവരും എന്നാൽ വിവിധ കാരണങ്ങളാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തവരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീട് പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (ബി) | പട്ടികജാതി വിഭാഗങ്ങളുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന "സേഫ്" പദ്ധതി പ്രകാരം അർഹരായ പട്ടികജാതി ഗുണഭോക്താക്കൾക്ക് ഭവന പൂർത്തീകരണം / പുനരുദ്ധാരണത്തിനായി രണ്ടു ലക്ഷം രൂപ വീതം അനുവദിക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം 2022-23സാമ്പത്തിക വർഷം 5,842പേർക്കും 2023-24 സാമ്പത്തിക വർഷം 6,514 പേർക്കും ആകെ 12,356 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ 6,215 ഭവനങ്ങളുടെ നവീകരണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ഭവനരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിന് വേണ്ടി അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഭവനരഹിതരായ പട്ടിക ജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. 2017-18മുതൽ നാളിതുവരെ ലൈഫ് മിഷൻ മുഖേന 75,655പേർക്ക് വീടുകൾ അനുവദിച്ചതിൽ 53,350വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ജില്ലാതലത്തിലും സർക്കാർ തലത്തിലും കൃത്യമായ അവലോകന യോഗങ്ങൾ നടത്തി നിർമ്മാണ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. |
| (ഡി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടാത്ത പട്ടികജാതി വിഭാഗത്തിലെ ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദാംശം നല്കുമോ? | (ഡി) | ലൈഫ് പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കളെ സുതാര്യമായ തെരഞ്ഞെടുപ്പ് നടത്തുന്നതിനാൽ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ